11
ഒക്ടോബർ
2018

പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 017

മുഖ്യമന്ത്രി പിണറായി വിജയന് ശുഭശ്രീ ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ് കമ്പനി മാനേജിങ്ങ് ഡയറക്ടർ എസ്.ദൊരൈരാജു കുടുംബശ്രീ വനിതാ സംഘക്കൃഷി സംഘങ്ങൾക്കുള്ള ജൈവവള പായ്ക്കറ്റ് കൈമാറുന്നു. ദത്തൻ.സി.എസ്, പെച്ചി മുത്തു, വി. ക്കെളമന്റ് രാജേഷ്, എസ്.ഹരികിഷോർ ഐ.എ.എസ് എന്നിവർ സമീപം

കുടുംബശ്രീയുടെ സംഘക്കൃഷി ഗ്രൂപ്പുകൾക്ക് തമിഴകത്തിന്റെ കാരുണ്യമായി നൂറമ്പത് ടൺ ജൈവവളം

അപ്രതീക്ഷിതമായെത്തിയ പ്രളയക്കെടുതിയിൽ വ്യാപകമായ കൃഷി നാശവും സാമ്പത്തിക നഷ്ടവും നേരിടേണ്ടി വന്ന കുടുംബശ്രീ സംഘക്കൃഷി ഗ്രൂപ്പ് അംഗങ്ങൾക്ക് സഹായം നൽകാൻ തമിഴകത്തിന്റെ കാരുണ്യം. തമിഴ്നാട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജൈവവള നിർമാണ സ്ഥാപനമായ ശുഭശ്രീ ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് മുപ്പത് ലക്ഷം രൂപയുടെ നൂറ്റി അമ്പത് ടൺ ജൈവവളം കുടുംബശ്രീ വനിതാ കർഷകർക്ക് സൗജന്യമായി നൽകാൻ മുന്നോട്ടു വന്നത്. ഇതിന്റെ ഭാഗമായി കമ്പനിയുടെ മാനേജിങ്ങ് ഡയറക്ടർ എസ്.ദൊരൈരാജു, ഓപ്പറേഷൻസ് വിഭാഗം മേധാവി വി. ക്കെളമന്റ് രാജേഷ്, അഡ്വൈസർ പെച്ചി മുത്തു എന്നിവർ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ഐ.എ.എസ്, പ്രോഗ്രാം ഓഫീസർ ദത്തൻ.സി.എസ് എന്നിവർക്കൊപ്പം കുടുംബശ്രീ സംഘക്കൃഷി ഗ്രൂപ്പുകൾക്കുള്ള ജൈവവള പായ്ക്കറ്റ് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി.

നെല്ല്, പച്ചക്കറികൾ, വാഴ, കിഴങ്ങ് വർഗങ്ങൾ എന്നിവയുൾപ്പെടെ വിവിധ തരത്തിലുള്ള കൃഷികളാണ് സംഘക്കൃഷി ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നടന്നു വരുന്നത്. പ്രധാനമായും ഓണം വിപണി ലക്ഷ്യമിട്ടാണ് കുടുംബശ്രീയുടെ കൃഷികളിലേറെയും. നിലവിൽ പ്രളയക്കെടുതിയെ തുടർന്ന് കൃഷി നശിച്ച് സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന ഏഴായിരത്തിലേറെ വനിതാ കർഷക സംഘങ്ങളിലെ 35000ത്തോളം വനിതാ കർഷകർക്ക് ഇപ്പോൾ ജൈവവളം ലഭ്യമാക്കുന്നത് കാർഷിക പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമാകും. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ കർഷകർക്കാണ് ജൈവവളം നൽകുന്നത്. കുടുംബശ്രീ സംസ്ഥാന ജില്ലാമിഷനിലെ ഉദ്യോഗസ്ഥർക്കൊപ്പം കമ്പനിയുടെ പ്രതിനിധികൾ കൂടി ഓരോ ജില്ലയിലുമെത്തി കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകരുമായി സംവദിച്ചതിന് ശേഷമാണ് ജൈവവളം വിതരണം ചെയ്യുന്നത്. കൂടാതെ കമ്പനിയുടെ മാർക്കറ്റിങ്ങ് ജനറൽ മാനേജരായ കൃഷ്ണമൂർത്തി ജൈവവളത്തിന്റെ പ്രയോജനങ്ങൾ, ഉപയോഗിക്കുന്ന രീതി എന്നിവയെ കുറിച്ച് വനിതാ കർഷകർക്ക് ക്ലാസുകൾ നൽകുന്നുണ്ട്.

സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിൽ കുടുംബശ്രീയുടെ 29415 ഏക്കർ സ്ഥലത്തെ കൃഷിക്കും അതുവഴി 25056 വനിതാ കൃഷി സംഘങ്ങൾക്കും വൻതോതിൽ നാശനഷ്ടങ്ങൾ നേരിട്ടിരുന്നു. ഇതുവഴി 197.21 കോടി രൂപയുടെ നഷ്ടമാണ് സംഘക്കൃഷി ഗ്രൂപ്പുകൾക്ക് ഉണ്ടായിട്ടുള്ളത്.

തൊഴിലുറപ്പ്: ആദിവാസികൾക്ക് മുൻകൂർ വേതനം, അട്ടപ്പാടിയിൽ തുടക്കം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ജോലി ചെയ്യുന്ന ആദിവാസികൾക്ക് മുൻകൂർ വേതനം നൽകുന്ന പരിപാടിക്ക് അട്ടപ്പാടി ബ്ലോക്കിലെ അഗളി പഞ്ചായത്തിലെ ചേരമാൻകണ്ടി ഊരിൽ തുടക്കം. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ ചെക്ക് ഡാമിന്റെ നിർമ്മാണം ഒക്ടോബർ നാലാം തിയതി ആരംഭിച്ചിരുന്നു. ഈ നിർമ്മാണ പ്രവർത്തനത്തിൽ പങ്കാളികളാകുന്ന ആദിവാസികളായ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആഴ്ചതോറുമാണ് മുൻകൂർ വേതനം നൽകുന്നത്. 14 ആദിവാസി കുടുംബങ്ങളാണ് ഇവിടെ ചെക്ക് ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. വയനാട്ടിലെ ആദിവാസി മേഖലയിലേക്കും പദ്ധതി വ്യാപിപ്പിക്കും.

തൊഴിലുറപ്പ് പദ്ധതി വഴി അവിദഗ്ധ കായിക ജോലികൾ ചെയ്യുന്നതിന് സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആദിവാസി കുടുംബങ്ങൾക്ക് ഈ വർഷം 200 തൊഴിൽദിനം ജോലി നൽകാനും ആഴ്ചയിലൊരിക്കൽ ആദിവാസി കുടുംബങ്ങൾക്ക് കുടുംബശ്രീ മുഖേന വേതനമെത്തിക്കാനും സംസ്ഥാന സർക്കാർ തീരുമാനിക്കുകയായിരുന്നു. 100 ദിവസത്തെ വേതനം സംസ്ഥാന സർക്കാരാകും നൽകുക. 271 രൂപയാണ് തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിക്കുന്ന ദിവസ വേതനം.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി: കുടുംബശ്രീയുടെ സംഭാവന പത്ത് കോടി കവിഞ്ഞു

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള (സിഎംഡിആർഎഫ്) കുടുംബശ്രീ അംഗങ്ങളുടെ സംഭാവന പത്ത് കോടി കവിഞ്ഞു. നേരത്തേ തന്നെ ദുരിതാശ്വാസ നിധിയിലേക്ക് കുടുംബശ്രീയുടേതായി ഏഴ് കോടി രൂപയുടെ ചെക്ക് മുഖ്യമന്ത്രി പിണറായി വിജയന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ കൈമാറിയിരുന്നു. അതിന് ശേഷം മൂന്ന് കോടി രൂപ കൂടി ഇതുവരെ വിവിധ ജില്ലാ മിഷനുകൾ സംസ്ഥാന മിഷനിലേക്ക് നൽകി കഴിഞ്ഞു. കേരളം നേരിട്ട പ്രളയദുരിതത്തിൽ തങ്ങളാലാവും വിധമുള്ള സംഭാവന നൽകാൻ കുടുംബശ്രീ തീരുമാനം കൈക്കൊള്ളുകയായിരുന്നു. ഇതനുസരിച്ച് അയൽക്കൂട്ടാംഗങ്ങളുടെ ഒരാഴ്ചത്തെ ത്രിഫ്റ്റ് തുക സംഭാവനയായി നൽകണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ അഭ്യർത്ഥിച്ചിരുന്നു. റിസോഴ്സ് പേഴ്സൺമാരും കുടുംബശ്രീ പരിശീലന സംഘ അംഗങ്ങളും കുടുംബശ്രീ അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ് സർവീസ് സൊസൈറ്റി (കാസ്) അംഗങ്ങളുമെല്ലാം ചേർന്ന് സംഭാവനയായ നൽകിയ തുകയും ഇതിലുൾപ്പെടും.

സുഭിക്ഷ പ്രൊഡ്യൂസർ കമ്പനി ഇനി കുടുംബശ്രീയ്ക്ക് കീഴിൽ

വെളിച്ചെണ്ണ വിദേശത്തേക്ക് കയറ്റുമതി ചെയ്യും

കോഴിക്കോട് പേരാമ്പ്രയിലെ ചാലിക്കര ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി കുടുംബശ്രീ ഏറ്റെടുത്തു. ഇനി മുതൽ കമ്പനിയുടെ പ്രവർത്തനം കുടുംബശ്രീ സംസ്ഥാന മിഷന് കീഴിലാകും. പേരാമ്പ്രയിൽ നടന്ന കമ്പനിയുടെ വാർഷിക പൊതുയോഗത്തിന്റെ ഉദ്ഘാടനം തൊഴിൽ വകുപ്പ് മന്ത്രി ടി.പി. രാമകൃഷ്ണൻ നിർവ്വഹിച്ചു. കമ്പനിയെ കുടുംബശ്രീ ഏറ്റെടുത്തത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ നിർവഹിച്ചു. വിദേശത്തേക്ക് കയറ്റുമതി ചെയ്യാനായി റീബ്രാൻഡ് ചെയ്ത വെളിച്ചെണ്ണയും ഐഎസ്ഒ 9001-2015, ഐഎസ്ഒ 22000-2005 ഗുണമേന്മാ സർട്ടിഫിക്കറ്റുകളും ചടങ്ങിൽ മന്ത്രി പുറത്തിറക്കി. സുഭിക്ഷ ചെയർമാൻ എം. കുഞ്ഞമ്മദ് ചടങ്ങിന് അധ്യക്ഷത വഹിച്ചു.

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തും കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും ചേർന്നാണ് സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് രൂപം നൽകിയത്. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ 522 സ്വയംസഹായ സംഘങ്ങൾക്കും കുടുംബശ്രീ അംഗങ്ങൾക്കും ഉപജീവന മാർഗം ഒരുക്കി നൽകുകയെന്നതായിരുന്നു ഇതിന്റെ പിന്നിലെ ലക്ഷ്യം. പ്രൊജക്ട് നടപ്പാക്കുന്ന മേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് ഈ കമ്പനി ഏറെ ഗുണകരമായതോടെ സ്ത്രീ ശാക്തീകരണത്തിന്റെയും ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെയും സാമൂഹ്യ വികസനത്തിന്റെയും കാർഷിക സൗഹൃദ കൂട്ടായ്മയുടെയും ഉദാഹരണമായി സുഭിക്ഷ മാറുകയായിരുന്നു.

തേങ്ങയുടെ ഒരു ഭാഗവും പാഴാകാതെ ഉൽപന്നമായി മാറ്റി വിപണിയിലെത്തിക്കുകയെന്ന ലക്ഷ്യമാണ് സുഭിക്ഷ പ്രാവർത്തികമാക്കിയത്. 2000ത്തിൽ വിഭാവനം ചെയ്ത പദ്ധതിയുടെ കരട് 2002ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. സ്വർണ്ണജയന്തി ഗ്രാം സ്വരോസ്ഗാർ യോജന (എസ്ജെഎസ്വൈ) പദ്ധതിയിൽ സുഭിക്ഷയെ ഉൾപ്പെടുത്തുകയും തുടർന്ന് 2003 ഒക്ടോബർ 31ന് ഗ്രാമീണ വികസന മന്ത്രി സിഎഫ് തോമസ് ഉദ്ഘാടനം ചെയ്തു. തുടക്കത്തിൽ സോപ്പ്, അച്ചാർ തുടങ്ങിയവയാണ് ഉൽപാദിപ്പിച്ചത്. പിന്നീട് സുഭിക്ഷ യൂണിറ്റുകൾ രൂപീകരിച്ചു. 2006ൽ പ്രൊഡ്യൂസർ കമ്പനിയായി രജിസ്ട്രർ ചെയ്തു.

നിലവിൽ നാളികേരവുമായി ബന്ധപ്പെട്ട് 50 നൂതന ഉൽപന്നങ്ങൾ സുഭിക്ഷ ഉൽപാദിപ്പിച്ച് വിപണിയിലെത്തിക്കുന്നുണ്ട്. വിർജിൻ കോക്കനട്ട് ഓയിൽ, ടെൻഡർ കോക്കനട്ട് ജാം, കോക്കനട്ട് അച്ചാർ, വിനാഗിരി, ചമ്മന്തിപ്പൊടി, ടെൻഡർ കോക്കനട്ട് സ്ക്വാഷ്, എന്നിങ്ങനെ നീളുന്നു ഈ ഉൽപന്നങ്ങൾ. ഇത് കൂടാതെ ഹാൻഡ് വാഷ്, ബാത്റൂം ക്ലീനർ, ഫ്ളോർ ക്ലീനർ, ടോയ്ലറ്റ് ക്ലീനർ, മുളക് പൊടി, മല്ലിപ്പൊടി എന്നിവയും കമ്പനി പുറത്തിറക്കുന്നു. ഏകദേശം 7000ത്തോളം സ്ത്രീകൾ ഓഹരി ഉടമകളായുള്ള കമ്പനിക്ക് 4.93 കോടി രൂപ വിറ്റുവരവുണ്ട്.

മന്ത്രി ടി. കെ. രാമകൃഷ്ണൻ കുടുംബശ്രീ അധികൃതർക്കും സുഭിക്ഷ പദ്ധതി അംഗങ്ങൾക്കും ഒപ്പം

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P.
Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, Publicity: Sreebal. B. S, E-mail: prteamkshreeho@gmail.com